# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :290

1.12.2014-ൽ മറുപടിയ്ക്ക്

## വനം വകുപ്പിന് കീഴിലുള്ള സൊസൈറ്റികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പിന് കീഴിലുള്ള സ്ഥലത്ത് സഹകരണമേഖലയിൽ വനോൽപ്പന്നങ്ങൾ വിപണനം നടത്തുന്ന എത്ര സൊസൈറ്റികൾ പ്രവർത്തിച്ചുവരുന്നു; അവ എവിടെയൊക്കെ; | എ) വനം വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളിൽ വനോൽപ്പന്നങ്ങൾക്ക് ശേഖരണാനുമതി നൽകിയിട്ടുള്ള പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങളുടെയും ബന്ധപ്പെട്ട വനം റെയിഞ്ചുകളുടെയും വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) ഇത്തരം സൊസൈറ്റികൾക്ക് നിശ്ചിത സ്ഥലങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്. | ബി) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷൻ ശുപാർശ ചെയ്യുന്ന പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾക്കാണ് വനം റെയിഞ്ചുകൾ അനുവദിച്ചു നൽകുന്നത്. |
| സി) ഇത്തരം സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് വന ഉൽപന്നങ്ങൾ വനശ്രീയെക്കാളും വിലക്കുറവിൽ വിപണനം നടത്താനാവുമെങ്കിൽ ഗവൺമെന്റ് നേരിട്ട് നടത്തുന്ന വനശ്രീകൾക്ക് അതിന് സാധിക്കാത്തതിനുള്ള കാരണം അറിയിക്കാമോ, | സി) പ്രാദേശികമായി ശേഖരിക്കുന്ന തടിയിതര വനോൽപ്പന്നങ്ങൾ ഗുണനിലവാരം ഉറപ്പാക്കി മൂല്യവർധന നടത്തിയാണ് വനശ്രീ കേന്ദ്രങ്ങളിൽ വില്പന ചെയ്യുന്നത്. വനശ്രീ കേന്ദ്രങ്ങൾ നടത്തുന്നത് വന വികാസ ഏജൻസികളിലെ അംഗങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയാണ്. ഗുണ നിലവാരത്തിന്റെയും, മൂല്യവർദ്ധനയുടെയും അടിസ്ഥാനത്തിലാണ് വനശ്രീ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത്. |

ഡി) ഇത്തരം സ്ഥാപനങ്ങൾ കൊമേഴ്സ്യൽ ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെടുമോ; എങ്കിൽ ഇതിലൂടെ വിപണനം നടത്തുന്ന ഉൽപന്നങ്ങളുടെ വില വിവര പട്ടിക പ്രദർശിപ്പിക്കാത്തതിന്റെ കാരണം എന്താണ്; ഇത്തരം സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ;

ഡി) വനശ്രീ കേന്ദ്രങ്ങൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വന വികാസ ഏജൻസികളിലെ അംഗങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് നടത്തുന്നത്. ഇത് സമൂഹത്തിന്റെ സംരംഭമായതിനാൽ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. സർക്കാരിന്റെ പങ്കാളിത്ത വന പരിപാലന നയത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടിട്ടുള്ള വന സംരക്ഷണ സമിതികൾ/ ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ രൂപീകരണത്തിനും ശാക്തീകരണത്തിനും സർക്കാർ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. വനശ്രീ കേന്ദ്രങ്ങൾ നടത്തുന്നതിന് ഗവൺമെന്റ് പ്രത്യേക ഇളവുകൾ നൽകുന്നില്ല. ഈ കേന്ദ്രങ്ങളിൽ ഉൽപന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ട്.

ഇ) ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ കർശനമായും വില വിവര പട്ടിക സത്വരം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ ?

ഇ) വില വിവര പട്ടിക വനശ്രീ വിപണന കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം -

01.04.2014 മുതൽ 31.03.2015 വരെ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാൻ അനുവദിച്ച
വിവിധ പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങളും അനുവദിച്ച റെയിഞ്ചും

| ക്രമ നമ്പർ | ഡിവിഷൻ | ജില്ല | | റെയിഞ്ചിന്റെ പേര് | വി.എസ്.എസുകളിൽ നിന്നും വനവിഭവ ശേഖരണത്തിന് റെയിഞ്ച് തലത്തിൽ അനുവദിച്ചിരിക്കുന്ന സഹകരണ സംഘം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 1 | പരുത്തിപ്പള്ളി | പോട്ടമാവ് ST സഹകരണ സംഘം |
| | | | 2 | കുളത്തൂപ്പുഴ | പോട്ടമാവ് ST സഹകരണ സംഘം |
| 2 | തെന്മല | കൊല്ലം | 3 | ആര്യങ്കാവ് | ആര്യങ്കാവ് ST സഹകരണ സംഘം |
| 3 | പുനലൂർ | കൊല്ലം | 4 | അഞ്ചൽ | വഞ്ചിയോട്ട് ST സഹകരണ സംഘം |
| 4 | അച്ചൻകോവിൽ | കൊല്ലം | 5 | കാനയാർ | ആര്യങ്കാവ് ST സഹകരണ സംഘം |
| 5 | റാന്നി | പത്തനംതിട്ട | 6 | റാന്നി | ചൊള്ളനാവയൽ ST സഹകരണ സംഘം |
| | | | 7 | വടശ്ശേരിക്കര | പെരുന്തേനരുവി ST സഹകരണ സംഘം |
| | | | 8 | ഗൂഡ്രിക്കൽ | സീതത്തോട് ചിറ്റാർ ST സഹകരണ സംഘം |
| 6 | കോട്ടയം | ഇടുക്കി | 9 | നഗരംപാറ | വാഴത്തോപ്പ് ST സഹകരണ സംഘം |
| 7 | മാങ്കുളം | ഇടുക്കി | 10 | ആനക്കുളം | അടിമാലി ST സഹകരണ സംഘം |
| | | | 11 | മാങ്കുളം | അടിമാലി ST സഹകരണ സംഘം |
| 8 | മൂന്നാർ | ഇടുക്കി | 12 | അടിമാലി | അടിമാലി ST സഹകരണ സംഘം |
| | | | 13 | നേര്യമംഗലം | അടിമാലി ST സഹകരണ സംഘം |
| 9 | കോതമംഗലം | ഇടുക്കി | 14 | തൊടുപുഴ | വാഴത്തോപ്പ് ST സഹകരണ സംഘം |
| | | | 15 | മുള്ളരിങ്ങാട് | വാഴത്തോപ്പ് ST സഹകരണ സംഘം |
| | | | 16 | കാളിയാർ | വാഴത്തോപ്പ് ST സഹകരണ സംഘം |
| 10 | മലയാറ്റൂർ | എറണാകുളം | 17 | കുട്ടംപുഴ | കുട്ടംപുഴ ST സഹകരണ സംഘം |
| | | | 18 | ഇടമലയാർ | കുട്ടംപുഴ ST സഹകരണ സംഘം |
| 11 | നെന്മാറ | പാലക്കാട് | 19 | കൊല്ലങ്കോട് | മലമ്പുഴ ST സഹകരണ സംഘം |
| | | | 20 | നെല്ലിയാമ്പതി | മലമ്പുഴ ST സഹകരണ സംഘം |
| 12 | മണ്ണാർക്കാട് | പാലക്കാട് | 21 | അട്ടപ്പാടി | കുറുമ്പ ST സഹകരണ സംഘം |
| | | | 22 | മണ്ണാർക്കാട് | കുറുമ്പ ST സഹകരണ സംഘം |
| | | | 23 | അഗളി | കോട്ടത്തറ ST സഹകരണ സംഘം |
| 13 | നിലമ്പൂർ നോർത്ത് | മലപ്പുറം | 24 | നിലമ്പൂർ | നിലമ്പൂർ ST സഹകരണ സംഘം |
| | | | 25 | ഇടവണ്ണ | നിലമ്പൂർ ST സഹകരണ സംഘം |
| | | | 26 | വഴിക്കടവ് | നിലമ്പൂർ ST സഹകരണ സംഘം |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ഡിവിഷൻ | ജില്ല | റെയിഞ്ചിന്റെ പേര് | | വി.എസ്.എസ്സുകളിൽ നിന്നും വനവിഭവ ശേഖരണത്തിന് റെയിഞ്ച് തലത്തിൽ അനുവദിച്ചിരിക്കുന്ന സഹകരണ സംഘം |
|---|---|---|---|---|---|
| 14 | നിലമ്പൂർ സൗത്ത് | മലപ്പുറം | 27 | കരുളായി | നിലമ്പൂർ ST സഹകരണ സംഘം |
| | | | 28 | കാളികാവ് | നിലമ്പൂർ ST സഹകരണ സംഘം |
| 15 | പാലക്കാട് | പാലക്കാട് | 29 | ഒലവക്കോട് | മലമ്പുഴ ST സഹകരണ സംഘം |
| | | | 30 | വാളയാർ | മലമ്പുഴ ST സഹകരണ സംഘം |
| | | | 31 | ഒറ്റപ്പാലം | മലമ്പുഴ ST സഹകരണ സംഘം |
| 16 | കോഴിക്കോട് | കോഴിക്കോട് | 32 | താമരശ്ശേരി | വിലങ്ങാട് ST സഹകരണ സംഘം |
| | | | 33 | കുറ്റിയാടി | വിലങ്ങാട് ST സഹകരണ സംഘം |
| 17 | വയനാട് നോർത്ത് | വയനാട് | 34 | ബേഗൂർ | തിരുനെല്ലി ST സഹകരണ സംഘം |
| 18 | സൗത്ത് വയനാട് | വയനാട് | 35 | മേപ്പാടി | മേപ്പാടി ST സഹകരണ സംഘം |
| | | | 36 | കൽപ്പറ്റ | മേപ്പാടി ST സഹകരണ സംഘം |
| | | | 37 | ചെതലയം<br>പാമ്പ്ര സെക്ഷൻ<br>പാതിരി നോർത്ത്,<br>പാതിരി സൗത്ത്,<br>ചീയമ്പം സെക്ഷനുകൾ | സുൽത്താൻബത്തേരി ST സഹകരണസംഘം<br>പുൽപ്പള്ളി ST സഹകരണ സംഘം പുൽപ്പള്ളി ST സഹകരണ സംഘം പുൽപ്പള്ളി ST സഹകരണ സംഘം |
| 19 | കണ്ണൂർ | കണ്ണൂർ | 38 | കൊട്ടിയൂർ (വന്യജീവി സങ്കേതം ഒഴികെ) | നെടുമ്പോയിൽ ST സഹകരണസംഘം |
| | | | 39 | തളിപ്പറമ്പ് | നെടുമ്പോയിൽ ST സഹകരണസംഘം |

സെക്ഷൻ ഓഫീസർ